
# സ്വൂഫിസത്തിന്റെ ആദർശ വ്യതിയാനങ്ങളിലൂടെ

**അബ്ദുല്ലത്വീഫ് കൊടുവള്ളി**



*ഇസ്‌ലാമിലെ ത്വരീഖത്തും ത്വരീഖത്തിലെ ഇസ്‌ലാമും*
സ്വദ്റുദ്ദീൻ വാഴക്കാട്
വചനം ബുക്സ്, കോഴിക്കോട്-4,
പേജ് 320, വില 150 രൂപ.

**ഏതാനും** വർഷം മുമ്പാണ്. കൊടുവള്ളി അങ്ങാടിയിൽ മനോരോഗിയെന്ന് തോന്നിപ്പിക്കുംവിധം മൗനിയായി ട്രൗസറുടുത്ത് നടന്നിരുന്ന ഒരാൾ (മണികണ്ഠൻ എന്നാണ് ഇയാളുടെ പേര് എന്ന് പിന്നീട് അറിയാൻ കഴിഞ്ഞു) മരിച്ചു. ഇയാളെ വലിയ്യാക്കി 'സമുദായം' മഖാമിനുള്ള തയാറെടുപ്പുകൾ തുടങ്ങി. വിവരമറിഞ്ഞ് പോയിനോക്കിയപ്പോൾ ഖബ്റിനു മുകളിൽ വെള്ളത്തുണി വിരിച്ചിരിക്കുന്നു. ഓല ഷെഡ് കെട്ടിയിട്ടുണ്ട്. പരിസരവാസികളായ ഏതാനും മുസ്‌ലിം യുവാക്കളെ കണ്ട് ഇതിന്റെ മതപരമായ പ്രത്യാഘാതങ്ങളെപ്പറ്റി പറഞ്ഞു ബോധ്യപ്പെടുത്തിയപ്പോൾ അവർ മഖാമിനുള്ള സാധ്യത തന്ത്രപൂർവം ഇല്ലാതാക്കി. ഇല്ലെങ്കിൽ ഇപ്പോൾ കൊടുവള്ളി സ്വർണനഗരി മാത്രമല്ല, മണികണ്ഠ ദർഗാ ശരീഫും കൂടിയാകുമായിരുന്നു.

മഖ്ബറ വ്യവസായവും ത്വരീഖത്തുകളുടെ മായാലോകവും അനാവരണം ചെയ്ത് സ്വദ്റുദ്ദീൻ വാഴക്കാട് നടത്തിയ പഠനം വായിച്ചപ്പോഴാണ് ഈ സംഭവം ഓർമവന്നത്.

മുസ്‌ലിം സമുദായത്തിൽ അത്യന്തം ഗുരുതരമായ ആദർശവ്യതിയാനങ്ങൾക്ക് കാരണമായ ചിന്താസരണിയാണ് സ്വൂഫിസം. അവതാര-അദ്വൈത വാദങ്ങൾ, മുഹമ്മദീയ പ്രഭയുടെ അനാദി മുതലായവക്ക് മതപരമായ പ്രാമാണികത്വം കൽപിക്കാൻ ശ്രമിക്കുന്ന ചിന്താരീതിയായി സ്വൂഫിസത്തെ കാണാം. ക്രൈസ്തവ, ഹൈന്ദവ, പേർഷ്യൻ, ഗ്രീക്ക് സ്വാധീനങ്ങളും തൊട്ടറിയാവുന്നവിധം അതിൽ പ്രകടമാണ്. ശീഈസത്തിന്റെ സ്വാധീനവും അവഗണിച്ചുകൂടാ. ഹിജ്റ മൂന്നും നാലും നൂറ്റാണ്ടുകളിൽ രംഗത്തുണ്ടായിരുന്ന പ്രമുഖ സ്വൂഫീ ചിന്തകരൊക്കെയും പേർഷ്യക്കാരായിരുന്നു. ഒരൊറ്റ അറബിയുമുണ്ടായിരുന്നില്ല (അബ്ദുർറഹ്മാൻ അബ്ദുൽ ഖാലിഖിന്റെ *അൽഫിക്റുസ്സൂഫി* കാണുക). ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ഉത്ഭവിച്ച് നൂറ്റമ്പത് വർഷത്തിനകം സ്വൂഫി വിശ്വാസാചാരങ്ങൾ ഇസ്‌ലാമിക ലോകത്തിന്റെ നാനാദിക്കുകളിലും പ്രചരിച്ചു. 9,10,11 നൂറ്റാണ്ടുകളിൽ വലിയൊരു വിഭാഗം മുസ്‌ലിം ജനസഞ്ചയം സ്വൂഫിവിശ്വാസക്കാരായി.

ഉത്തര-ദക്ഷിണ ആഫ്രിക്കയിൽ ഫ്രഞ്ചുകാർക്ക് കാലുറപ്പിക്കാൻ സാധിച്ചത് മൊറോക്കോയിലെ അഹ്മദ് തീജാനീ എന്ന ത്വരീഖത്ത് ആചാര്യന്റെയും അനുയായികളുടെയും ഒത്താശയോടെയായിരുന്നു. സുഡാനിലെ സയ്യിദ് മർഗനിയും ഖത്മീ ത്വരീഖത്തും ഇംഗ്ലീഷുകാരുടെ അധിനിവേശത്തിന് സഹായിച്ചു (*അൽഫിക്റുസ്സൂഫി*, പേജ് 16). ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അരാഷ്ട്രീയവത്കരിച്ച് നിർവീര്യമാക്കുന്നതിൽ സ്വൂഫിസത്തിന് നിർണായക പങ്കുണ്ടായിരുന്നു എന്ന വസ്തുത, സാമ്രാജ്യത്വത്തിന്റെ വർത്തമാനകാല താണ്ഡവത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ പഠനവിധേയമാക്കേണ്ടതുണ്ട്.

ജീവിതവുമായി ബന്ധപ്പെട്ട ഏതിലും എന്തിലും ഖുർആനും നബിചര്യയുമാണ് ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണമെന്നിരിക്കെ, ആത്മസംസ്കരണത്തിന് മറ്റൊരു സ്രോതസ്സ് നാം തെരയേണ്ടതില്ല. ദൈവപ്രേമത്തിന്റെയും പ്രവാചകസ്നേഹത്തിന്റെയും പേരിൽ ശുദ്ധ ബഹുദൈവവിശ്വാസത്തിലധിഷ്ഠിതമായ അദ്വൈതത്തിലും അവതാരവിശ്വാസത്തിലും ചെന്നെത്തിനിൽക്കുന്ന ജാഹിലിയ്യാ ജൽപനങ്ങളാണ് സ്വൂഫി സാഹിത്യത്തിന്റെ അകക്കാമ്പ്. പ്രവാചക പ്രകീർത്തനമെന്ന സാഹിത്യശാഖയിൽ മിക്കതിലും ഇതുതന്നെയാണ് കാണുന്നത്. പ്രമുഖ സ്വൂഫീ ചിന്തകനായ ഇബ്നു അറബിയെ ഏറെ സ്വാധീനിച്ചവരിലൊരാളായ ഖാശാനി അദ്ദേഹത്തെ ഉപജീവിച്ചെഴുതിയ അദ്വൈത-അവതാര സങ്കൽപങ്ങൾ വായിച്ചാൽ നാം അന്തംവിട്ടുപോകും: 'ഈസായുടെ ശരീരം മർയമിന്റെയും ജിബ്‌രീലിന്റെയും ജലത്തിൽനിന്നാണുണ്ടായത്. ജിബ്‌രീൽ (അ) മർയമിനെ സമീപിച്ചപ്പോൾ അവർ വികാരഭരിതയായി. ആർത്തവശുദ്ധി ഘട്ടത്തിൽ സ്ത്രീകൾ വികാരവതികളായിരിക്കും. മനുഷ്യരൂപം പൂണ്ട ജിബ്‌രീലിന്റെ സാമീപ്യത്തിൽ മർയം സന്തോഷിച്ചു. ജിബ്‌രീലിന്റെ ഊത്തിലെ വെള്ളവും അവരുടെ വെള്ളവും ഗർഭപാത്രത്തിലേക്കൊഴുകി. അവർ ഗർഭിണിയായി. യേശുവിന് അല്ലാഹുവിന്റെ രൂപമായിരുന്നു' (ഡോ. സകീ മുബാറകിന്റെ *അത്തസ്വവ്വുഫുൽ ഇസ്‌ലാമി ഫിൽ അദബി വൽ അഖ്‌ലാഖി*, പേജ് 151).

പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠർ ഔലിയാക്കളാണ്, അല്ലാഹുവെ അനുസരിക്കുമ്പോഴും ധിക്കരിക്കുമ്പോഴും അനുസരണം തന്നെയാണ് നടക്കുന്നത്; അതിനാൽ സ്വർഗസ്ഥരെ പോലെ നരകവാസികൾക്കും സുഖാനന്ദാനുഭവങ്ങൾ ഉണ്ടാകും- ഇതാണ് മറ്റൊരു വിശ്വാസ വൈകൃതം. അബ്ദുൽ കരീം ജീലിയുടെ ത്വരീഖത്ത് ഇതിന്റെ പ്രചാരകരാണ്.

ഈജിപ്തിലെ ഫർഗൻ എന്ന വലിയ്യിന് അനുയായികൾ പാപങ്ങളിൽ മുഴുകുമ്പോൾ വലിയ സന്തോഷമാണത്രെ. പ്രപഞ്ചോൽപത്തിയുടെ ആദിവിത്ത് മുഹമ്മദ് നബിയാണെന്ന ശീഈ വിശ്വാസം പല പല വ്യാഖ്യാനങ്ങളിലൂടെ യാഥാസ്ഥിതിക വിഭാഗങ്ങളിൽ കടന്നുകൂടിയത് നമുക്കറിയാവുന്നതാണല്ലോ.

തൗഹീദിന് വിരുദ്ധമായ ആശയങ്ങൾ ശീഈസത്തിൽനിന്ന് കടമെടുക്കുകയും അതേസമയം ശീഈവിരുദ്ധത അവകാശപ്പെടുകയും ചെയ്യുന്ന യാഥാസ്ഥിതികരുടെ വൈരുധ്യാത്മക നിലപാട് ബഹുജനങ്ങൾക്ക് ബോധ്യമാകുംവിധം പഠനവിധേയമാക്കപ്പെട്ടിട്ടില്ല. തങ്ങളുടെ നേതൃത്വത്തിനും അംഗീകാരത്തിനും ഭീഷണിയാകും എന്നു കണ്ട് ചില സമകാലീന ത്വരീഖത്തുകൾക്കെതിരെ യുദ്ധം

പ്രഖ്യാപിച്ചവർ, ശുദ്ധ ഇസ്‌ലാംവിരുദ്ധതയിൽ നിലകൊള്ളുന്ന പല പഴയകാല ത്വരീഖത്തുകളെയും വെള്ളപൂശുന്നത് കാണാൻ കൗതുകമുണ്ട്. സമസ്ത ഗ്രൂപ്പുകളുടെ ജിഹ്വകളിലൊന്നായ *സുന്നി അഫ്കാർ* വാരിക വ്യാജ ത്വരീഖത്തിനെതിരെ കൊടുത്ത ലേഖനത്തിന്റെ തൊട്ടടുത്ത് ഇബ്നു അറബി, അബ്ദുൽ കരീം ജീലി എന്നിവരുടെ കൃതികളെ ദൈവിക അറിവുകളുടെ ഉറവയായി ചിത്രീകരിക്കുന്നു (2007 മാർച്ച് 21). ശുദ്ധ അദ്വൈതചിന്തയും പ്രവാചകനിന്ദയും മേൽകൃതികളുടെ മുഖമുദ്രയാണെന്നതാണ് വസ്തുത. ത്വരീഖത്തുകളെ എന്ന പോലെ താദൃശ വൈകൃതങ്ങളെ മതവത്കരിക്കുന്ന സംഘടനകളെയും യഥാതഥം അനാവരണം ചെയ്യേണ്ടതുണ്ട്.

മുസ്‌ലിംകളെ അരാഷ്ട്രീയവത്കരിച്ച് ത്വരീഖത്തുകൾ കേരളത്തിൽ പിടിമുറുക്കാൻ ശ്രമിക്കുമ്പോൾ തദ്സംബന്ധമായി ഇസ്‌ലാമിന്റെ നിലപാട് സത്യസന്ധമായി അവതരിപ്പിക്കുകയാണ് *ഇസ്‌ലാമിലെ ത്വരീഖത്തും ത്വരീഖത്തിലെ ഇസ്‌ലാമും* എന്ന കൃതിയിൽ. വിവിധ ത്വരീഖത്തുകളുടെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഇസ്‌ലാംവിരുദ്ധതയെയും ഖുർആന്റെയും സുന്നത്തിന്റെയും അടിത്തറയിൽനിന്നുകൊണ്ട് ഗ്രന്ഥകാരൻ വിശകലനം ചെയ്യുന്നു. ഇരുപത് അധ്യായങ്ങളിലായി നൂറ്റിമുപ്പതോളം ഉപശീർഷകങ്ങളിലായാണ് പുസ്തകത്തിന്റെ സംവിധാനം.

പ്രവാചകന്മാരുടെ പിന്മുറക്കാർക്ക് സംഭവിച്ചത്, സ്വൂഫിസം: ചരിത്രം വർത്തമാനം, ത്വരീഖത്തിന്റെ വിവക്ഷ, വിവിധ ത്വരീഖത്തുകൾ, ഇസ്‌ലാമും ഗൂഢാർഥവാദവും, ത്വരീഖത്തുകളുടെ ജീവിതസങ്കൽപം, ത്വരീഖത്ത് ആചാരങ്ങൾ, ശരീഅത്ത്-ഹഖീഖത്ത്, ഇഹ്സാനും ത്വരീഖത്തും, ആരാധനകളുടെ അതിർവരമ്പുകൾ, ദിക്റുല്ലയെന്ന സുന്നത്തും ദിക്ർ ഹൽഖയെന്ന ബിദ്അത്തും, അഹ്ലുസ്സുഫ്ഫയുടെ ജീവിതവും സന്ദേശവും, സ്വൂഫിസത്തിൽ ശീഈ ചിന്തകളുടെയും ബുദ്ധ-ഹൈന്ദവ മതങ്ങളുടെയും സ്വാധീനം, ഇസ്‌ലാമിലെ തസ്വവ്വുഫ്, ആത്മീയതയുടെ വിപണന സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

തങ്ങൾ സ്വൂഫികളായി കാണുന്നവരുടെ കാര്യത്തിൽ ശരീഅത്ത് നിയമങ്ങൾ ബാധകമല്ല എന്നു കരുതുന്നവരാണ് ത്വരീഖത്ത് വാദികളും സമസ്തയിലെ ഇരു ഗ്രൂപ്പുകളും. ഗ്രന്ഥകാരൻ നിരത്തുന്ന തെളിവുകളിൽനിന്ന് ചിലത് കാണുക: "കേരളത്തിൽ അറിയപ്പെടുന്ന സ്വൂഫിയായ മടവൂർ സി.എം വലിയ്യുല്ലാഹി നിർബന്ധ നമസ്കാരങ്ങൾ പോലും നിർവഹിക്കാറുണ്ടായിരുന്നില്ല. ശൈഖുനാ നോമ്പ് നോറ്റിരുന്നില്ലെന്നതിനു പുറമെ, നോമ്പിന്റെ പകൽസമയത്ത് ചിലർക്ക് ബാക്കിയുള്ള ഭക്ഷണവും മറ്റും കൊടുത്ത് മുറിപ്പിക്കുകയും ചെയ്തിരുന്നു"- *വലിയ്യുല്ലാഹി സി.എം ജീവചരിത്രം,* പേജ് 83). "ശൈഖുനാ ഒരു വിവാഹം കഴിച്ചിരുന്നു. ദാമ്പത്യജീവിതം ഒരു വർഷവും എട്ടുമാസവും നീണ്ടുനിന്നു. പിന്നീട് കുടുംബജീവിതത്തോട് വിരക്തി തോന്നി. ഭാര്യയോടും ഉമ്മയോടും സംസാരിക്കാതായി. ഇബാദത്തിന് തടസ്സമാകുമെന്നു കണ്ട് ഭാര്യയെ ത്വലാഖ് ചൊല്ലി. മറ്റൊരു ഘട്ടത്തിൽ താടിയും മുടിയും വളർത്തി കണ്ടാൽ ഭയം തോന്നുന്ന രീതിയിലായിരുന്നു. ഇക്കാലത്ത് കണക്കില്ലാത്ത വെറ്റില ചവച്ചിരുന്നു. പിന്നീട് താടിയും മുടിയും പാടെ നീക്കം ചെയ്തു. കാറിൽ മാത്രമായി യാത്ര. തുരുതുരാ സിഗററ്റ് വലിച്ചിരുന്നു. ആ ജീവിതത്തിലെ അത്ഭുതകരമായ അവസ്ഥാവിശേഷങ്ങളെ ശരീഅത്തിന്റെ നിയമങ്ങളിൽ നാം വിലയിരുത്താതിരിക്കുക" (അതേ പുസ്തകം പേജ് 4,54; *സ്വൂഫികളുടെ പാത*-സെയ്തു മുഹമ്മദ് നിസാമി).

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അരാഷ്ട്രീയവത്കരിച്ച് നിർവീര്യമാക്കാൻ ഇസ്‌ലാംവിരുദ്ധശക്തികൾ സ്വൂഫിസത്തെ ഉപയോഗപ്പെടുത്തുന്നതിന് ഗ്രന്ഥകാരൻ ധാരാളം തെളിവുകൾ ഉദ്ധരിക്കുന്നുണ്ട്. ഇന്ത്യയിൽ സാമ്രാജ്യത്വവിരുദ്ധ വികാരം ഏറെ ശക്തമായ കേരളത്തിൽ സ്വൂഫീചലനങ്ങൾ ശക്തമായതിനു പിന്നിലെ ഒളിയജണ്ട കരുതലോടെ കാണണം.

എഴുത്തുകാരനും *മാധ്യമം* പിരിയോഡിക്കൽസ് എഡിറ്ററുമായ വി.എ. കബീറിന്റെ അവതാരിക പ്രൗഢവും പഠനാർഹവുമാണ്. പുസ്തകത്തെ 'ത്വരീഖത്തുകളുടെ ദയാരഹിതമായ പോസ്റ്റുമോർട്ടം'എന്നാണ് അവതാരികാകാരൻ വിശേഷിപ്പിക്കുന്നത്.

അടുത്ത പതിപ്പിൽ റഫറൻസ് കൃതികളുടെ പേരുവിവരം പ്രത്യേകം ലിസ്റ്റായി ചേർക്കുന്നത് നന്നായിരിക്കും. നാമസൂചികയും പ്രധാനമാണ്. ■